**കേരള വനം വകുപ്പ്**

**തൃശ്ശൂർ സുവോളജിക്കൽ പാർക്ക്**

**(കിഫ്ബി പ്രോജക്റ്റ് )**

**എസ്. പി. വി. 1 (2) /2023** **തീയതി: 29-07-2023**

## <u>സെക്യൂരിറ്റി ഗാർഡ് മാരുടെ കരാർ നിയമനം</u>

I. **തൃശ്ശൂർ സുവോളജിക്കൽ പാർക്കിനെപ്പറ്റി.**

തൃശ്ശൂർ പട്ടണത്തിൽ പ്രവർത്തിക്കുന്ന നിലവിലെ മൃഗശാല തൃശ്ശൂർ പട്ടണത്തിൽ നിന്നും 12 കിലോമീറ്റർ അകലെ പുത്തൂർ എന്ന സ്ഥലത്തു വനഭൂമിയിലിലേക്കു മാറ്റി വനം വകുപ്പിന്റെ കീഴിൽ സുവോളജിക്കൽ പാർക്ക് ആയി സ്ഥാപിക്കുന്നതിനുള്ള തീരുമാനം 2012-ൽ സംസ്ഥാന സർക്കാർ എടുത്തിരുന്നു. 2016-17- ലെ ബഡ്ജറ്റിൽ സംസ്ഥാന പദ്ധതി വിഹിതത്തോടൊപ്പം കിഫ്ബി ധന സഹായത്തോടെ പദ്ധതി നിർവ്വഹണത്തിനുള്ള തീരുമാനം ഉണ്ടായി. തുടർന്ന് 2018 വർഷം കേന്ദ്ര വനം മന്ത്രാലയത്തിന്റെയും, സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെയും അനുമതിയോടെ 136.28 ഹെക്ടർ വനഭൂമിയിൽ പണികൾ ആരംഭിച്ചു.

മൃഗങ്ങളെ പാർപ്പിക്കുന്നതിനായി വിശാലമായ 23 ആവാസയിടങ്ങൾ, വിസ്തൃതമായ പാർക്കിങ്, റിസപ്ഷൻ കേന്ദ്രം, കഫെറ്റീരിയ, സർവീസ് റോഡുകൾ, സന്ദർശക പാതകൾ, ജലവിതരണ സംവിധാനം, വൈദ്യുതി വിതരണം, സീവേജ് ട്രീറ്റ് മെന്റ്, ആസ്ഥാന മന്ദിരവും ക്വാർട്ടേഴ്സുകളും, വെറ്റിനറി ഹോസ്പിറ്റൽ സമുച്ചയം, കിച്ചൻ സമുച്ചയം, മഴവെള്ള സംഭരണികൾ, ചുറ്റുമതിൽ, കംഫർട് സ്റ്റേഷനുകൾ , ട്രാം സ്റ്റേഷനുകൾ, ലാൻഡ്സ്കേപ്പിങ്, പൂന്തോട്ട നിർമാണം എന്നിവയാണ് പദ്ധതിയിലെ പ്രധാന ഘടകങ്ങൾ. സെൻട്രൽ പി.ഡബ്ല്യൂ. ഡി, കേരള പോലീസ് ഹൗസിങ് കൺസ്ട്രക്ക്ഷൻ കോർപറേഷൻ, കേരള വാട്ടർ അതോറിറ്റി എന്നീ ഏജൻസികളാണ് പദ്ധതിയുടെ സാങ്കേതിക മേൽനോട്ടം വഹിക്കുന്നത്.

പദ്ധതി നിർവഹണം ഇപ്പോൾ അന്തിമ ഘട്ടത്തിലാണ്

തൃശൂർ മൃഗശാലയിൽ നിലവിലുള്ള എല്ലാ മൃഗങ്ങളെയും പാർപ്പിക്കുന്നതോടൊപ്പം ഇന്ത്യയിലെ മറ്റു മൃഗശാലകളിൽ നിന്നും, വിദേശത്തുനിന്നും മൃഗങ്ങളെ കൊണ്ട് വരേണ്ടതുണ്ട്. ഓസ്ട്രേലിയയിൽ നിന്നുള്ള വിദഗ്ധനായ ജോൺ കോ യുടെ നേതൃത്വത്തിൽ ആധുനിക രീതിയിൽ തയ്യാറാക്കിയിട്ടുള്ള രൂപ കല്പനയിലാണ് സുവോളജിക്കൽ പാർക്ക് സ്ഥാപിക്കുന്നത്.

സിംഹം, പുലി, കടുവ, വിവിധയിനം മാനുകൾ, കരിംകുരങ്ങ്, സിംഹവാലൻ കുരങ്ങ്, മുതല, ചീങ്കണ്ണി, വിവിധയിനം ഉരഗങ്ങൾ, ഉഭയജീവികൾ, രാത്രീഞ്ചര

ജീവികൾ, ജിറാഫ് , സീബ്രാ, വിവിധയിനം പക്ഷികൾ, കരടികൾ, വരയാട്, കുറുക്കൻ, കാട്ടുപട്ടി, കഴുതപ്പുലി, ഹിപ്പോ എന്നീ ജീവികളെയാണ് പാർക്കിൽ പരിപാലിക്കേണ്ടത്.

## II. **ജോലിയുടെ സ്വഭാവവും, ഉത്തരവാദിത്വങ്ങളും.**

തൃശൂർ സുവോളജിക്കൽ പാർക്കിന്റെ പരിധിയിൽ വരുന്ന 136 ഹെക്ടർ വനഭൂമിയുടെയും സുവോളജിക്കൽ പാർക്കുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങൾ, വിവിധ സ്ഥലങ്ങളിൽ പാർപ്പിച്ചിട്ടുള്ള വന്യ ജീവികൾ, പാർക്കിലെത്തുന്ന സഞ്ചാരികൾ എന്നിവയുടെ സുരക്ഷയും സംരക്ഷണവുമാണ് സെക്യൂരിറ്റി ഗാർഡിന്റെ പ്രധാന ജോലി. സെക്യൂരിറ്റി ഓഫീസറുടെ നിയന്ത്രണത്തിൽ ഈ പ്രധാനചുമതല നിർവഹിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്നവയുൾപ്പെടെയുള്ള ഡ്യൂട്ടികൾ ചെയ്യേണ്ടതായിട്ടുണ്ട്.

1. രാവിലെ എട്ടു മണിമുതൽ വൈകുന്നേരം ആറു മണിവരെയും വൈകുന്നേരം ആറു മണി മുതൽ രാവിലെ എട്ടു മണി വരെയും രണ്ട് ഷിഫ്റ്റുകളിലായിട്ടായിരിക്കും ഡ്യൂട്ടിക്കു നിയോഗിക്കുക.

2. ബൗണ്ടറി സഞ്ചാരവും പരിശോധനയും, വിവിധ ഗേറ്റുകളുടെ ചെക്കിങ്, സർവീസ് റോഡുകൾ, സന്ദർശക പാതകൾ, അനിമൽ എൻക്ലോഷറുകൾ, ജല, വൈദ്യുതി വിതരണ സംവിധാനങ്ങൾ, ഓഫീസ്, ഹോസ്പിറ്റൽ സമുച്ചയം എന്നിവയുടെ സെക്യൂരിറ്റി പരിശോധന എന്നിവ.

3. സുവോളജിക്കൽ പാർക്ക് പ്രവർത്തനം ആരംഭിച്ചു കഴിയുമ്പോൾ പാർക്കിംഗ് നിയന്ത്രണം, വിസിറ്റർ സെക്യൂരിറ്റി എന്നിവയുമായി ബന്ധപ്പെട്ട ഡ്യൂട്ടികൾ.

4. സുവോളജിക്കൽ പാർക്കുമായി ബന്ധപ്പെട്ട സെക്യൂരിറ്റി പഴുതുകൾ മേലധികാരികളുടെ ശ്രദ്ധയിൽ പെടുത്തി പരിഹരിക്കുക.

5. സെക്യൂരിറ്റി ഓഫീസർ നിർദേശിക്കുന്ന മറ്റു ജോലികൾ.

## III. **യോഗ്യതകൾ**

1. വിദ്യാഭ്യാസ യോഗ്യത : എസ്.എസ്.എൽ.സി. അല്ലെങ്കലിൽ തത്തുല്യമായ പരീക്ഷ പാസായിരിക്കണം..

2. മറ്റു യോഗ്യതകൾ : ആർമി/നേവി/എയർ ഫോഴ്സ് എന്നീ സേന വിഭാഗങ്ങളിൽ 10 വർഷത്തിൽ കുറയാത്ത മിലിറ്ററി സേവനം.

IV.**പ്രായം**: അപേക്ഷകർ 2023 ജനുവരി 1 നു 50 വയസ്സ് കഴിയാത്തവരായിരിക്കണം. ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കുന്നതല്ല.

V. **ഒഴിവുകൾ** : **5** (അഞ്ച്)

V. **വേതനവും നിയമന കാലാവധിയും** : കരാർ അടിസ്ഥാനത്തിൽ 1 വർഷത്തേക്കാണ് നിയമനം. പ്രതിമാസ കരാർ വേതനം 21,175 രൂപയായിരിക്കും. .

VI. **തെരഞ്ഞെടുപ്പ് രീതി**. അപേക്ഷരിൽ പ്രാഥമികമായി എല്ലാ യോഗ്യതകളും ഉള്ളവരുടെ ചുരുക്കപട്ടിക തയാറാക്കും. ഇവരിൽ നിന്നും അഭിമുഖത്തിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക തയാറാക്കി പ്രസിദ്ധപ്പെടുത്തും. ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തും.

VII. **അപേക്ഷ സമർപ്പിക്കേണ്ട വിധം** : അപേക്ഷ ഫാറവും വിശദ വിവരങ്ങളും കേരള വനം വകുപ്പിന്റെ www.forest.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ വിവരം പത്ര മാധ്യമത്തിലൂടെ അറിയിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്ന അപേക്ഷ പൂരിപ്പിച്ചു ഫോട്ടോ, സ്വയം സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകൾ എന്നിവ സഹിതം കവറിലിട്ടു താഴെപ്പറയുന്ന അഡ്ഡ്രസ്സിൽ അയക്കണം. അപേക്ഷകൾ നേരിട്ടും thrissurzoologicalpark@gmail.com എന്ന ഇ-മെയ് ലിലും സ്വീകരിക്കുന്നതാണ്. സർട്ടിഫിക്കറ്റുകളുടെ അസ്സൽ അഭിമുഖ സമയത്തു ഹാജരാക്കണം.

ഡയറക്ടർ
തൃശ്ശൂർ സുവോളജിക്കൽ പാർക്ക്
പുത്തൂർ പി. ഓ
കുരിശുമൂലക്കു സമീപം
തൃശ്ശൂർ-680014
കേരളം.
E-mail:thrissurzoologicalpark@gmail.com

VII. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി:** 21-08-2023 വൈകുന്നേരം 5 മണിവരെ. താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ ഒരു കാരണ വശാലും സ്വീകരിക്കുന്നതല്ല.

(ഒപ്പ്)

ഡയറക്ടർ , തൃശ്ശൂർ സുവോളജിക്കൽ പാർക്ക്

**തൃശ്ശൂർ സുവോളജിക്കൽ പാർക്ക്**

**<u>സെക്യൂരിറ്റി ഗാർഡുമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അപേക്ഷാഫാറം</u>.**

അടുത്ത കാലത്തെടുത്ത കളർ ഫോട്ടോ

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | അഡ്രസ് | |
| 3 | സ്ഥിരമായി താമസിക്കുന്ന ജില്ല | |
| 4 | മൊബൈൽ നമ്പർ | |
| 5 | ഇ മെയിൽ ഐ ഡി (ഉണ്ടെങ്കിൽ) | |
| 6 | ജനന തീയതിയും 01-01-2023-ലെ പ്രായവും | |
| 7 | നിലവിലെ വിദ്യാഭ്യാസ യോഗ്യത | |
| 8 | വിദ്യാഭ്യാസ യോഗ്യത സംബന്ധിക്കുന്ന രേഖ | |
| 9 | പഠിച്ച വിദ്യാലയത്തിന്റെ പേരും അഡ്ഡ്രസ്സും | |
| 10 | മിലിറ്ററി സർവീസ് ചെയ്ത സേന വിഭാഗം (ആർമി/നേവി/എയർ ഫോഴ്സ്) | |
| 11 | മിലിറ്ററി സർവീസ് കാലവും (എന്നു മുതൽ എന്നു വരെ) അകെ സേവന ദൈർഘ്യവും (വർഷത്തിൽ) | |
| 12 | മിലിറ്ററി സർവീസിൽ നിന്നും വിടുതൽ ചെയ്യുവാനുണ്ടായ സാഹചര്യം. | |
| 13 | ഇപ്പോൾ ചെയ്യുന്ന ജോലി | |

| | | |
|---|---|---|
| | | |
| 14 | സുവോളജിക്കൽ പാർക്കിൽ സെക്യൂരിറ്റി ഗാർഡായി ജോലിക്കു അപേക്ഷിക്കുവാനുള്ള കാരണം (നൂറു വാക്കുകളിൽ) | |

*നോട്ട്: 1. ജനനത്തീയതി, വിദ്യാഭ്യാസ യോഗ്യത, എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ രേഖകൾ അപേക്ഷയോടൊപ്പം ഉൾപ്പെടുത്തണം.*

*2. മിലിറ്ററി സർവീസ് വ്യക്തമാക്കുന്ന രേഖ /സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി*

ഈ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും ബോധ്യത്തിലും ശരിയാണെന്നും ഈ നിയമനത്തിന് അപേക്ഷിക്കുവാനുള്ള യോഗ്യത എനിക്കുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകന്റെ ഒപ്പ്

തീയതി.